# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/268/2017 2017 ഡിസംബർ 19

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസിനു കീഴിലുള്ള സ്ഥാപനങ്ങളിലേയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് & സെമസ്റ്റർ, 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 5 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഡിസംബർ 22 വരെ പിഴയില്ലാതെ അപേക്ഷിക്കാം. സി.വി. ക്യാമ്പ് ഫീസായി പേപ്പറൊന്നിന് 50 രൂപ വീതം പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി & അക്വാകൾച്ചർ (2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 5ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 26 വരെയും സ്വീകരിക്കും.

അഫിലിയേറ്റഡ് കോളേജുകളിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (കോമൺ) എന്നീ പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 29 വരെയും 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ജനുവരി 3 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസബിലിറ്റി/ലേണിംഗ് ഡിസബിലിറ്റി (2017 അഡ്മിഷൻ റഗുലർ/2015 മുതൽ അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 5ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസായി 100 രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### പരീക്ഷ മാറ്റി

ഇന്ന് (ഡിസംബർ 20) നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്)/ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2015ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾ ഡിസംബർ 22ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

ഇന്ന് (ഡിസംബർ 20) നടത്തുന്നതിനായി ഡിസംബർ 8ൽ നിന്നും മാറ്റിവച്ച ഒന്നാം സെമസ്റ്റർ പ്രൈവറ്റ് ബി.കോം കോർ കോഴ്സ് - പെർസ്പെക്റ്റീവ്സ് ആന്റ് മെത്തഡോളജി ഓഫ് ബിസിനസ് സ്റ്റഡീസ് എന്ന പരീക്ഷ ജനുവരി 9ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### പരീക്ഷാഫലം

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.പി.എഡ്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 3 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു. സപ്ലിമെന്ററി (നോൺ സി.എസ്.എസ്. മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 30 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം വർഷ ബി.ഫാം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 30 വരെ അപേക്ഷിക്കാം.

**ബി.ടെക്/ബി.ആർക് ഉത്തരക്കടലാസുകൾ**

നവംബർ/ഡിസംബർ മാസങ്ങളിൽ നടത്തിയ ബി.ടെക്/ബി.ആർക്. പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഡിസംബർ 21നുള്ളിൽ സർവ്വകലാശാലയിൽ മൂല്യനിർണ്ണയത്തിനായി ഏൽപ്പിക്കേണ്ടതാണ്.

**സർവ്വകലാശാലാ യൂണിയൻ സെക്യുലാർ ഫെസ്റ്റ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ നേതൃത്വത്തിൽ ഡിസംബർ 18 മുതൽ നടത്തുന്ന സെക്യുലാർ ഫെസ്റ്റിന്റെ സമാപനം ഡിസംബർ 21ന് വൈക്കത്ത് റാലിയോടും പൊതുയോഗത്തോടുംകൂടി നടത്തുന്നതാണ്. ഈ റാലിയിലും പൊതുയോഗത്തിലും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കു കീഴിലുള്ള വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടതാണ്.

**പ്രോജക്ട് ഫെല്ലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഫെല്ലോഷിപ്പോടെ, ഡോ. ജെ.ജി.റേ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ പ്രോജക്ടിൽ പ്രോജക്ട് ഫെല്ലോയുടെ ഒഴിവുണ്ട്. എം.എസ്.സി. ബോട്ടണി/ബയോടെക്നോളജി ബിരുദമുള്ളവർക്ക് ബയോഡാറ്റ സഹിതം ജനുവരി 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിവരങ്ങൾക്ക് ഫോൺ: 9446119626, ഇമെയിൽ: jgray@mgu.ac.in

**എം.ജി. ഭിന്നശേഷി പഠനകേന്ദ്രത്തിൽ ഫിസിയോ തെറാപ്പിയും കേൾവി പരിശോധനയും**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ പ്രവർത്തിക്കുന്ന ഡിസബിലിറ്റി റീഹാബിലിറ്റേഷൻ ഏർളി അസസ്മെന്റ് ആന്റ് മാനേജ്മെന്റ് സർവ്വീസസിൽ ഫിസിയോതെറാപ്പിയും കേൾവി പരിശോധനയും നടത്തുന്നതാണ്. വിവരങ്ങൾക്ക് ഫോൺ: 0481 – 2731580.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**